(ന) യോഗങ്ങൾക്കു ഹാജരാകാതെയിരുന്നതു മെമ്പരുടെ ഉദാസീനത കൊണ്ടാണെന്നു തോന്നിയില്ല.

(ര) ഇതിനെ സംശയിച്ചു റിപ്പോർട്ട കിട്ടിയിട്ടുണ്ട്.

(ഭ) ചെല്ലാനത്തു ഉണ്ടായിരുന്നില്ല എന്നു അറിയാം.

(ന്യ) ഉവ്വ്.

(ഠ) ഇല്ല.

(വ) ഇല്ല. ഗോവിന്ദൻ മൂപ്പനെ ഒഴിവാക്കിക്കഴിഞ്ഞു.

Chellanam Panchayat—nominations to.

ഫസ്റ്റ് മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*).—

താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവർമ്മെണ്ടു ദയവായി മറുപടി പറയുമോ:—

(ഫ) ചെല്ലാനം പഞ്ചായത്തിൽ ഏറ്റവും ഒടുവിൽ നടന്ന തിരഞ്ഞെടുപ്പിൽ വിജയം സിദ്ധിച്ച മെമ്പർമാർ ഏതേതു സമുദായത്തിൽ പെട്ടവരാണ്;

(ബ) നോമിനേറു ചെയ്ത മെമ്പർമാർ ഏതേതു സമുദായത്തിൽ പെട്ടവരാണ്;

(ന) പ്രസ്തുത പഞ്ചായത്തിൽ ജനസംഖ്യകൊണ്ടു മൂന്നാമതായി നില്ക്കുന്ന ഈഴവസമുദായത്തിൽനിന്നു ആരെയെങ്കിലും നോമിനേറു ചെയ്തിട്ടുണ്ടോ;

(ര) ഇല്ലെങ്കിൽ അതിനു വല്ല പ്രത്യേക കാരണവുമുണ്ടോ;

(ഭ) ഈഴവരിൽനിന്നു പ്രസ്തുത പഞ്ചായത്തിലെ കഴിഞ്ഞ തിരഞ്ഞെടുപ്പിൽ ആരെങ്കിലും വിജയിയായിട്ടുണ്ടോ;

(ന്യ) ഈഴവക്കു തിരഞ്ഞെടുപ്പിൽ വിജയം സിദ്ധിക്കാൻ പ്രയാസമുള്ള സ്ഥലങ്ങളിൽ ഈഴവരിൽനിന്നും നോമിനേറു ചെയ്യുന്നതാണെന്നു ഗവർമ്മെണ്ടു നിയമസഭയിൽ പ്രസ്താവിച്ചിട്ടില്ലെ; ഉണ്ടെങ്കിൽ

(ഠ) ഗവർമ്മെണ്ടിന്റെ ആ പ്രസ്താവന അനുസരിച്ചു ചെല്ലാനം വില്ലേജ് പഞ്ചായത്തിൽ പ്രവൃത്തിക്കാതിരിപ്പാൻ വല്ല പ്രത്യേക കാരണവുമുണ്ടോ;

(വ) തിരഞ്ഞെടുപ്പിൽ വിജയം സിദ്ധിച്ചിട്ടുള്ള സമുദായത്തിൽനിന്നു തന്നെ ഇപ്പോഴത്തെ ചെല്ലാനം പഞ്ചായത്തിലേക്കു നോമിനേറു ചെയ്തിട്ടുണ്ടോ, ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്തു?

ക്യാപ്റ്റൻ എ. ആർ. പുതുവാൾ (*Director of Public Health and Panchayats*).—

LIBRARY ARCHIVES Kerala Legislative Assembly

(ഛ) എല്ലാവരും കുസ്സൻ സമുദായത്തിൽ പെട്ടവരാണ്.

(ഛ) കുടുംബിച്ചെട്ടി (Removed), ഈഴവൻ, കുസ്സൻ.

(ന) ഉണ്ട്.

(ര) ഉത്തരം ആവശ്യമില്ല.

(ഉ) ഇല്ല. ഛ-ാം ചോദ്യത്തിന്റെ മറുപടി നോക്കുക.

(ന) തിരഞ്ഞെടുപ്പിൽ വിജയം സിദ്ധിക്കാത്ത സമുദായങ്ങളിൽ നോമിനേറു ചെയ്യുവാൻ അർഹതയുള്ളവർ ഉണ്ടെങ്കിൽ അവരിൽനിന്ന നോമിനേഷൻ നടത്തുക എന്നതാണ് ഗവർമ്മെണ്ടിന്റെ സാമാന്യമായ നയം.

(ഒ) ചെല്ലാനം പഞ്ചായത്തിൽ അങ്ങനെ പ്രവൃത്തിച്ചിട്ടുണ്ട്. അതുകൊണ്ടു ഉത്തരം ആവശ്യമില്ല.

(വ) ഉണ്ട്. നോമിനേറുചെയ്ത അവസരത്തിൽ മറു സമുദായങ്ങളിൽനിന്ന തക്ക യോഗ്യതയുള്ള ഒരാളെ കിട്ടുവാൻ സാധിക്കാഞ്ഞതിനാലാണ് ഒരു കുസ്സനെ നോമിനേറു ചെയ്തത്.

മിസ്റ്റർ വി. കെ. കുട്ടി (*Muslims*).— ചെല്ലാനം പഞ്ചായത്ത് കോർട്ടോട്ടുകുടിയുള്ള പഞ്ചായത്താണോ?

ക്യാപ്റ്റൻ എ. ആർ. പുതുവാൾ (*Director of Public Health and Panchayats*).— അതെ.

മിസ്റ്റർ വി. കെ. കുട്ടി (*Muslims*).— കുമ്പളങ്ങിയും ചെല്ലാനവും കൂടി യോജിപ്പിച്ചിട്ടുള്ള ഒരു കോടതിയല്ലേ?

ക്യാപ്റ്റൻ എ. ആർ. പുതുവാൾ (*Director of Public Health and Panchayats*).— അതെ.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ (*Nellayi*).— കുടുംബിച്ചെട്ടി (റിമൂവുഡ്) എന്നു പറഞ്ഞിട്ടുണ്ട്, അതിനു പകരം നോമിനേറു ചെയ്തതു ആരെയാണ്?

ക്യാപ്റ്റൻ എ. ആർ. പുതുവാൾ (*Director of Public Health and Panchayats*).— കുസ്സൻ.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ (*Nellayi*).— അപ്പോൾ രണ്ടു ഈഴവരെ നോമിനേറു ചെയ്തിട്ടുണ്ടോ?

മിസ്റ്റർ വി. കെ. കുട്ടി (*Muslims*).— കുടുംബിച്ചെട്ടികളിൽനിന്നുതന്നെ നോമിനേറു ചെയ്യത്തക്ക നിലയിൽ യോഗ്യതയുള്ള ആളുകളുണ്ടായിരുന്നില്ലേ?

LIBRARY ARCHIVES Kerala Legislative Assembly

ക്യാപ്റ്റൻ എ. ആർ. പൂതുവാൾ (*Director of Public Health and Panchayats*).— ഉണ്ടായിരുന്നില്ല.

മിസ്റ്റർ കെ. അയ്യപ്പൻ (*Ezhuvas South*).— എലക്റ്റഡ് മെമ്പർമാരെല്ലാം കൃസ്ത്യാനികളായിരിക്കുന്ന സ്ഥിതിക്കു ഒരു ഈഴവനെ നോമിനേറ്റു ചെയ്യാതെ ഒരു കൃസ്ത്യാനിയെ നോമിനേറ്റു ചെയ്തതു എന്തുകൊണ്ടാണ്?

ക്യാപ്റ്റൻ എ. ആർ. പൂതുവാൾ (*Director of Public Health and Panchayats*).— എലക്റ്റഡ മെമ്പർ കഴിഞ്ഞാൽ ബാക്കിയുള്ളതു ഒരു കുടുംബിച്ചെട്ടിയുടെ നോമിനേഷനാണ്, അവരിൽ തക്കതായ യോഗ്യതയുള്ള ആളുകളില്ലാത്തതുകൊണ്ടാണ് കൃസ്ത്യനെ നോമിനേറ്റു ചെയ്തതു്.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ (*Nellayi*).— എലക്റ്റഡ മെമ്പർമാരെല്ലാം കൃസ്ത്യാനികളായ സ്ഥിതിക്കു കൃസ്ത്യാനിയെത്തന്നെ നോമിനേറ്റു ചെയ്യാനുള്ള കാരണമെന്താണ്.

ക്യാപ്റ്റൻ എ. ആർ. പൂതുവാൾ (*Director of Public Health and Panchayats.*)— മറ്റു സമുദായങ്ങളിൽനിന്നും തക്ക യോഗ്യതയുള്ള ആളുകളുണ്ടായിരുന്നില്ല.

മിസ്റ്റർ കെ. അയ്യപ്പൻ (*Ezhuvas South*).— ഈഴവർ ഉണ്ടായിരുന്നില്ലേ?

ക്യാപ്റ്റൻ എ. ആർ. പൂതുവാൾ (*Director of Public Health and Panchayats*).— വ -ാമത്തെ ചോദ്യത്തിന് ഉത്തരമായി മറ്റു സമുദായങ്ങളിൽനിന്നും തക്ക യോഗ്യതയുള്ള ഒരാളെ കിട്ടുവാൻ സാധിക്കാഞ്ഞതിനാലാണ് കൃസ്ത്യനെ നോമിനേറ്റു ചെയ്തതെന്നു പറഞ്ഞിട്ടുണ്ട്.

മിസ്റ്റർ കെ. അയ്യപ്പൻ (*Ezhuvas South*).— തക്ക യോഗ്യതയുള്ള ഈഴവരോ നായന്മാരോ ഉണ്ടായിരുന്നുവോ?

ക്യാപ്റ്റൻ എ. ആർ. പൂതുവാൾ (*Director of Public Health and Panchayats*).— ഉണ്ടായിരുന്നില്ല.

മിസ്റ്റർ പി. കെ. കൃഷ്ണൻകുട്ടി (*Anthikad*).— തക്ക യോഗ്യതയുള്ള ഒരു ഈഴവനെ നോമിനേറ്റു ചെയ്തതു എന്നാണെന്നറിഞ്ഞാൽ കൊള്ളാം. കൃസ്ത്യാനിയെ നോമിനേറ്റു ചെയ്യുന്ന കാലത്തു് അദ്ദേഹം ഉണ്ടായിരുന്നില്ലേ?

ക്യാപ്റ്റൻ എ. ആർ. പൂതുവാൾ (*Director of Public Health and Panchayats*).— ഉണ്ടായിരുന്നതു കൊണ്ടല്ലേ അദ്ദേഹത്തെ നോമിനേറ്റു ചെയ്തതു്.

LIBRARY ARCHIVES Kerala Legislative Assembly